

# കുന്നിക്കുരു

# 2020

# പിന്നണിയിൽ

ചീഫ് എഡിറ്റർ

## അർജ്ജുൻ സുകുമാരൻ

സബ് എഡിറ്റർ:

സഈദ് സഫ് വാൻ

മുഹമ്മദ് സഹൽ എൻ കെ

ശബീഹ് കെ.കെ

നൗഷാദ് നാസർ

ആയിഷമിൻഹ

റന ഷമീം

തേജലക്ഷ്മി

ശിവനന്ദ ശശി

കവർ :

അർജ്ജുൻ സുകുമാരൻ.

സ്റ്റാഫ് എഡിറ്റർ:

ഖാലിദ് വി എം

മാഷിദ ഒ.

## ചിത്രം - അമയ സന്തോഷ്

# Table of Contents

പത്രാധിപർ പറയുന്നു.....4
സന്ദേശം.....5
ഈശ്വരൻ.....6
.....9
പറയാൻ ബാക്കി വെച്ചത്.....9
പ്രകൃതി.....11
മറക്കാനാവാത്ത ഡൽഹി യാത്ര.....14
ഓർമപ്പെയ്ത്ത്.....21
ഞാൻ.....23
മൗനത്തിൻറെ കളത്തിൽ.....25
.....27
അമ്മ.....27
കുസൃതി കുരങ്ങൻ.....28
അവസാനിപ്പിക്കൂ ഈ അക്രമം.....30
TRULY ONE.....32
മാലിന്യകേരളം.....33
അമ്മ.....41
Incredible moments.....44
*ഭൂമിയുടെ_അവകാശികൾ *.....49
റിൻഷ റിനു 9 I.....49
Loneliness.....50
വായനയുടെ സ്വർഗ്ഗത്തിൽ.....58
ഓർമയിലെ മുറിപ്പാടുകൾ.....60
യാത്ര.....61
HOPES FOR THE FUTURE.....62
.....63
കുറ്റ്യാടിയിലെ ഹൈസ്കൂൾ (നാൾവഴി).....63
Charles Babage.....65
माँ का प्यार.....66

## പത്രാധിപർ പറയുന്നു

കുറ്റ്യാടി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ  ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തങ്ങളുടെ കുന്നിക്കുരു പുറത്തിറക്കുകയാണ്. ചെറിയ, എന്നാൽ മനോഹരങ്ങളായ രചനകൾ ഉൾപ്പെടുത്തിയ ഈ സംരംഭം ഏറെ പ്രയാസങ്ങൾ സഹിച്ചാണ് ഞങ്ങൾ പുറത്തിറക്കുന്നത് .കൂട്ടുകാരുടെ ഭാവനയും അവരുടെ ടൈപ്പിംഗ് വേഗതയും ഒത്ത് ചേർന്നപ്പോഴാണ് ഈ കുന്നിക്കുരു പുറത്തു വന്നത് .ചെറിയ തെറ്റുകളും മറ്റു പോരായ്മകളും വായനക്കാർ ക്ഷമിക്കുമെന്ന വിശ്വസത്തോടെ ഞങ്ങൾ ഈ കൊച്ചു മാഗസിൻ പ്രസിദ്ധീകരിക്കട്ടെ.

സ്നേഹപൂർവ്വം

പത്രാധിപർ

## സന്ദേശം

കുറ്റ്യാടി ഗവ: ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ കുന്നിക്കുരുവിന് എല്ലവിധ ഭാവുകങ്ങളും നേരുന്നു



വിദ്യാർത്ഥികളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളെ ഉയരങ്ങളിൽ എത്തിക്കാൻ പര്യാപ്തമാണ് കുട്ടികൾക്കും പിന്നിൽ പ്രവർത്തിക്കുന്നവർക്കും അഭിനന്ദനങ്ങൾ.

എ എം കുര്യൻ,ഹെഡ് മാസ്റ്റർ.

# ഈശ്വരൻ

' പ്രജ്ഞാനം ബ്രഹ്മ'

അറിവാണ് ഈശ്വരൻ
ഈശ്വരനാണറിവ്
അറിവ് ഈശ്വരനാണ്
ഈശ്വരൻ അറിവാണ്
വാസ്കോയുടെ കപ്പൽ കിടന്ന
കടലിന്റെ മാറ്
തെല്ലും സങ്കോചം കൂടാതെ ഈ വാക്കുകളെ
കടൽക്കൈകളിലേറ്റുവാങ്ങി.
കടലവിറ്റുനടന്ന രാമണ്ണയും,
പട്ടം വിൽക്കുന്ന മൻസൂർ ചൗധരിയും,
ഐസ് ഫ്രൂട്ടടിക്കുന്ന ലൂക്കാച്ചനും,
സന്തോഷത്തോടെ കൈയടിച്ചു.
ബീച്ച് ഹോസ്പിറ്റലിലെ ഓരോ മരക്കൈകളും
കൽച്ചുമരും ഗ്ലൂക്കോസ് കുപ്പിയും
കിടപ്പിലായ രാഘവേട്ടനും
മനസിലാക്കി
ഈശ്വരൻ അറിവാണ്;
അറിവുനേടിയാൽഇശ്വരനെ പ്രാപിക്കാം.

രാവു മയങ്ങി

അടുത്ത രാവെത്തി

അതാ.........

സ്നേഹമാണീശ്വരൻ

പരസ്പരം സ്നേഹിക്കു ,

ഈശ്വരനെ കണ്ടെത്തു

തീവ്രവാദമല്ല നമ്മുടെ മതം

സ്നേഹമാണ്.

മുമ്പേ പറഞ്ഞവരെല്ലാം വീണ്ടും കൈയ്യടിച്ചു.

കാരണം ഓരോ മത സമ്മേളനങ്ങളും

സാഹിത്യ സദസ്സും അനുസ്മരണങ്ങളും

പാർട്ടി സമ്മേളനങ്ങളും

എല്ലാം അവരുടെ അന്നമാകുന്നവല്ലോ.

എല്ലാം

എല്ലാവരും സ്വീകരിച്ചു.

പക്ഷെ,

ഓടയ്ക്കരികിൽ, കീറപ്പായും വിരിച്ചിരിക്കുന്ന

തെണ്ടിക്ക് മാത്രം അത് സാധിച്ചില്ല.

തനിക്കില്ലാത്ത അറിവ് ( നിഷേധിക്കപ്പെട്ടത്)

എന്ത്?...... അപ്പോൾ ......!

തനിക്ക് ഈശ്വരനെ പ്രാപിക്കാൻ കഴിയില്ലേ?

തനിക്ക് ലഭിക്കാത്ത സ്നേഹം ( സ്നേഹിക്കാൻ ആരുമില്ല)

സ്നേഹമാകുന്നല്ലോ ഈശ്വരൻ.

അപ്പോൾ ആ ഈശ്വരൻ തനിക്കപ്രാപ്യൻ.

കഷ്ടം.......! പുഴുത്ത തന്റെ കാല് വെച്ച്

കടലിന്നോരത്തെത്തി,

കടൽ നോക്കി നിന്നപ്പോൾ,

അയാൾ കൺനിറയെ കണ്ടു ഈശ്വരനെ.

ശുംഭന്മാർ...

അറിവും, സ്നേഹവുമില്ലാത്ത

എനിക്കും ലഭിച്ചു ഈശ്വരനെ.

ഹാ....

ഞാനും മഹാൻ.

അശ്വതി കൃഷ്ണേന്ദു ദാസ്

**പറയാൻ ബാക്കി വെച്ചത്**

ഒഴുകി തളർന്ന പുഴതൻ മനസ്സിൽ
ഒരുപാട് ചോദ്യങ്ങൾ ബാക്കിയായി
ക്രൂരനാം മർത്ത്യന്റെ ദുഷ്ടമാം ചെയ്തികൾ
പറയാൻ കഴിയാതെ വെട്ടിലായി
ഒരുനാൾ കളകളം പാടി ഒഴുകിയ
പുഴ തൻ മേനിയോ ദുഷിച്ച തായി
എന്തേ എൻ മർത്യൻ  നീ ക്രൂരനായി
എന്തെ നിൻ ചെയ്തി ദുഷിച്ചതായി

എന്നിലൂടെ ഒഴുകുന്ന പുണ്യ ജലത്തിൽ
നീ എന്തിനീ വിഷമെല്ലാം ഒഴുക്കിടുന്നു
എൻ നല്ല തീരത്ത് എന്തിനായി നീ ഇന്ന്
പടുകൂറ്റൻ കെട്ടിടം പണിതുയർത്തി

പടുകൂറ്റൻകെട്ടിടത്തിൽ നിന്നും ഒഴുക്കിയ
മലിനജലം എന്നിൽ കൂട്ടുകൂടി

എൻ കണ്ണുനീരിൽ കുതിർന്ന ജലമിന്ന്
മർത്യന്റെ ചെയ്തിയാ ൽ വരണ്ടുപോയി

എന്നിലെ പുണ്യജലമെല്ലാം നിന്നുടെ
ക്രൂരകൃത്യത്തിന് അടിമയായി

മർത്യന്റെദുഷിച്ച ചെയ്തിയിലെന്നുടെ
കണ്ണീരു പോലും വരണ്ടുപോയി
ഒഴുകി തളർന്ന പുഴ തൻ മനസ്സിലി
ന്നൊരുപാട് ചോദ്യങ്ങൾ ബാക്കിയായി

ഇന്നെന്നിലൊഴുകാൻ തീരെ ജലമില്ല

കരയുവാൻ കണ്ണീര് കൂടിയില്ല
ഇച്ചെയ്തിതൻ ഫലമെല്ലാം

അറിയും നീ
ദാഹജലം പോലും അന്യമാകും
എന്നോട് ശാപം ഫലിക്കും  മനുഷ്യരെ
ഭൂമിയാം അമ്മയോ വന്ധ്യയാകും.
ഒഴുകി തളർന്ന പുഴതൻ മനസ്സിൽ
ഒരുപാട് ചോദ്യങ്ങൾ ബാക്കിയായി.
ഓർക്കാൻ അറക്കുന്ന ചോദ്യങ്ങൾക്കെല്ലാം
ഉത്തരം നൽകുവാൻ ആരുമില്ലേ

**ശിവനന്ദ ശശി 9 ജെ**

## പ്രകൃതി

പ്രകൃതി അമ്മയാണ്.അമ്മയെ മാനഭംഗപ്പെടുത്തരുത്.പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവൃർത്തിക്കുന്നത് ലോകനാശത്തിന് കാരണമാകും.പരിസ്ഥിതി സംരക്ഷണത്തിന്ടെ പ്രാധാന്യത്തെക്കുറിച്ച് ഓർമിക്കാനുള്ള അവസരമായി ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1972 മുതലാണ് ലോകപരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങുന്നത്. എല്ലാ മനുഷ്യർക്കും ശുദ്ധജലവും ജൈവ വൈവിധ്യത്തിന്ടെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട് എന്ന സങ്കൽപ്പമാണ് ലോകപരിസാഥിതി ദിനത്തിന്ടെ കാതൽ.പ്രതീക്ഷ കൈവിടാതെ മലിനീകരണത്തിനെതിരായും വനനശീകരണത്തിനെതിരായും പ്രവർത്തിക്കുകയാണ് പാരിസ്ഥിതികസുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗ്ഗം.ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസകേന്ദ്രമായി നിലനിർത്തുകയും സുഖദവ്യാ ശീതളവുമായ ഒരു ഹരിതകേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.

നഗരങ്ങളെല്ലാം മലിനീകരണത്തിന്റെ മാരകഫലങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.കൂടുതൽ ആളുകൾ നഗരങ്ങളിൽ താമസിക്കുന്നത് കുടിവെള്ളത്തിനും ശുചീകരണത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതോടൊപ്പം ആരോഗ്യപ്രശ്നങ്ങൾ ഏറിവരികയുംചെയ്യുന്നു.മനുഷ്യവംശത്തെ തന്നെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരകരോഗങ്ങൾ പടർന്നുപിടിക്കുന്നു.

സാമൂഹ്യവും സാംസ്കാരികവും സാംബത്തികവുമായ പുരോഗതിയ്ക്ക് വികസനം അനിവാര്യമാണ്.ഈ വികസന പ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാറുണ്ട്.അതുകൊണ്ടുതന്നെ പരിസ്ഥിതി സംരക്ഷണത്തെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കണം വികസനം നടപ്പിലാക്കേണ്ടത്.

ജല മലിനീകരണം,ഖരമാലിനായതാതിന്റെ നിർമ്മാർജ്ജന പ്രശ്നങ്ങൾ,മണ്ണിറിച്ചിൽ,മണ്ണൊലിപ്പ് തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ പരിസ്ഥിതി സംരക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു.

നമ്മുടെ പ്രകൃതിയെ രക്ഷിക്കാൻ നാം മുന്നിട്ടിറങ്ങിയാൽ മാത്രമേ സാധിക്കുകയുള്ളൂ.ഇന്നു നാം പ്രകൃതിയെക്കുറിച്ച് ചിന്തിച്ചില്ലെങ്കിൽ നാളെ നാം അതിനു വലിയ വില കൊടുക്കേണ്ടി വരും.അതിനാൽ പ്രകൃതിയെക്കുറിച്ച് ചിന്തിക്കുക പ്രകൃതിക്ക് വേണ്ടി പ്രവർത്തിക്കുക.

ഫിദ ഫാത്തിമ കെ കെ

# മറക്കാനാവാത്ത ഡൽഹി യാത്ര



**രണ്ട്** മൂന്ന ദിവസത്തിന്റെ കാത്തിരിപ്പിനും പാക്കിങ്ങിനുമൊക്കെ ശേഷം 30|11|19 രാവിലെ ഞങ്ങൾ 5 കുട്ടികളും 3 അധ്യാപകരും അടങ്ങുന്ന  റോൾ പ്ലേ ടീം കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിൻ കയറി. പത്ത് ദിവസത്തേക്കുള്ള എല്ലാ വസ്തുക്കളുമടങ്ങുന്ന വലിയ ബാഗ് ഞങ്ങളെല്ലാവരുടെയും കയ്യിലുണ്ടായിരുന്നു. അങ്ങനെ ഡൽഹിയിലേക്കുള്ള ട്രെയിൻ പുറപ്പെട്ടു.2 ദിവസം ഞങ്ങൾ നന്നായി അതിൽ ആസ്വദിച്ചു. പാട്ടു പാടിയും പുതിയ പുതിയ ആളുകളെ പരിചയപ്പെട്ടും കൂട്ടുകൂടിയും 2 ദിവസത്തെ ആ ട്രെയിൻ യാത്ര വളരെ ആസ്വദിച്ചു.അങ്ങനെ ശനിയാഴ്ച പുറപ്പെട്ട ഞങ്ങൾ തിങ്കളായിച്ച പുലർച്ചെ 1 മണിക്ക് ഡൽഹി നിസാമുദ്ധീൻ സ്റ്റേഷനിൽ ഇറങ്ങി.

അതികഠിനമായ തണുപ്പായിരുന്നു അവിടെ. എല്ലാവരും സെറ്ററും മറ്റ് വസ്ത്രങ്ങളും ധരിച്ചായിരുന്നു അവിടെയുണ്ടായിരുന്നത്.തണുപ്പായിരിക്കും എന്ന് ഞങ്ങളോട് പലരും പറഞ്ഞുതന്നിട്ടുണ്ടെങ്കിലും അത്രയ്ക്കൊന്നും ഞങ്ങളാരും പ്രതീക്ഷിച്ചില്ലായിരുന്നു.നാട്ടിലുണ്ടായിരിക്കുമ്പോൾ ഞാനിതുവരെ അത്രക്ക് തണുപ്പ് അനുഭവിച്ചിട്ടില്ല. അങ്ങനെമൂന്ന് മണിക്കൂറിന് ശേഷം ഞങ്ങൾ NCERT ക്യാമ്പസിലേക്ക് പോയി.റൂമിൽ കയറി അങ്ങനെതന്നെ വിശ്രമിച്ചു. എല്ലാവർക്കും നല്ല യാത്രാക്ഷീണമുണ്ടായിരുന്നു.കുറച്ചു കഴിഞ്ഞ് ഞങ്ങൾ പ്രാതൽ കഴിക്കാനായി കാന്റീനിലേക്ക് പോയി.പല പല സംസ്ഥാനങ്ങളിൽ നിന്നും വന്ന ഒരുപാട് കുട്ടികളവിടെ ഉണ്ടായിരുന്നു.അങ്ങനെ ആദ്യമായി എല്ലാ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുമായി ഒരടിപൊളി ബ്രേക്ഫാസ്റ്റ് കഴിച്ചു.അന്ന് ഞങ്ങൾക്ക് പ്രത്യേകിച്ച് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല.കുറച്ചു സമയം റോൾ പ്ലേ പ്രാക്ടിസ് ചെയ്തു. പിന്നെ വീണ്ടും റൂമിലേക്ക് പോയി.അങ്ങനെ ആദ്യത്തെ ദിവസം ഞങ്ങൾ NCERT ക്യാമ്പസും പരിസരവുമൊക്കെ കണ്ടു നടന്നു.ഒരുപാട് മരങ്ങളൊക്കെയുള്ള വിശാലമായൊരു ക്യാമ്പസായിരുന്നു അത്.അങ്ങനെ ആദ്യത്തെ ദിവസം കഴിഞ്ഞു.

പിറ്റേന്ന് രാവിലെ റെഡി ആയി ഞങ്ങൾ പരിപാടി നടക്കുന്നിടത്തേക്ക് പോയി.അവിടെ ഉദ്ഘാടനം നടന്നുകൊണ്ടിരിക്കുകയായിരുന്നു.വ്യത്യസ്തങ്ങളായ വസ്ത്രങ്ങളും ഭാഷകളുമായി വന്ന ഒരുപാട് കൂട്ടുകാരവിടെ ഉണ്ടായിരുന്നു.എല്ലാവരെയും പരിജയപെടാൻ അവസരം ലഭിച്ചില്ലേലും കുറച്ചുപേരെ പരിചയപ്പെട്ടു.അത് തീർച്ചയായും ഒരു പുതിയതും മറക്കാനാവാത്തതുമായ ഒരാനുഭവമായിരുന്നു.അങ്ങനെ കുറച്ചു ഡാൻസുകൾക്കും ഉദ്ഘാടന പരിപാടികൾക്കും ശേഷം ഞങ്ങൾ സരോജിനി നഗർ എന്നു പറയുന്ന ഒരു

സ്ഥലത്തേക്ക് പോയി.കുറച്ച് സാധനങ്ങൾ വാങ്ങി രാത്രി തിരിച്ചെത്തി.മെട്രോയിൽ ആയിരുന്ന അവിടേക്കുള്ള യാത്ര.അതുകഴിഞ്ഞു പിറ്റേന്ന ഞങ്ങൾ പരിപാടിക്കായി പോയി.അന്നായിരുന്ന ഞങ്ങളുടെ പ്രോഗ്രാം .നല്ല ടെൻഷനും ആകാംക്ഷയും ഞങ്ങൾക്കെല്ലാവർക്കുമുണ്ടായിരുന്നു.അങ്ങനെ 3, 4 തവണ പ്രാക്ടിസ് ചെയ്ത് ഞങ്ങൾ സ്റ്റുഡിയോയിൽ കയറി.ഓരോരുത്തരുടെയും പരിപാടി കണ്ടു.അങ്ങനെ ഞങ്ങൾ ഞങ്ങളുടെ അവസരം നന്നായി തന്നെ ഉപയോഗപ്പെടുത്തി.റിസൾട്ടിനെക്കുറിച്ചുള്ള ടെൻഷനും മറ്റും മാറാൻ വേണ്ടി NCERT ഞങ്ങൾക്കായി ഒരു യാത്ര ഒരുക്കിയിരുന്നു.ഖുതാബ് മിനാറിലേക്കും ഇന്ത്യ ഗേറ്റിലേക്കുമായിരുന്ന ആ യാത്ര.അവിടെയൊക്കെ സന്ദർശിച്ചപ്പോളാണ് ഡൽഹി വായുമലിനീകരണത്തിന് എന്തുകൊണ്ടാണ് അന്ന് ഒന്നാം സ്ഥാനത്തായത് എന്ന് മനസിലായത്.അവിടെയൊക്കെ സന്ദർശിച്ച് തിരിച്ച് NCERT ഗസ്റ്റ് ഹോസ്റ്റലിലേക്ക് മടങ്ങി.

അന്ന രാത്രി റോൾ പ്ലെ മത്സരത്തിൽ ഞങ്ങൾ ദക്ഷിണേന്ത്യയിൽ ഒന്നാം സ്ഥാനക്കാരായ വിവരമറിഞ്ഞു.വളരെ സന്തോഷം തോന്നിയ നിമിഷമായിരുന്ന അത്.അപ്പുറത്തെ മുറിയിലെ കുട്ടികളുമായാണ് അന്ന് സന്തോഷം പങ്കുവെച്ചത്.പിറ്റേന്ന ഫൈനൽ മത്സരത്തിനായി തയ്യാറെടുത്തു.അങ്ങനെ അന്നും ഞങ്ങൾ വളരെ നല്ല രീതിയിൽ തന്നെ പരിപാടിയവതരിപ്പിച്ചു.ഡൽഹി ടീമായിരുന്ന ഞങ്ങൾക്കൊപ്പത്തിനൊപ്പം ഉണ്ടായിരുന്നത്.എല്ലാവരുടെയും പരിപാടി കണ്ട ശേഷം ഞങ്ങൾ റീസൽട്ടിനായി കാത്തിരുന്നു.ആഗ്രഹിച്ചതുപോലെ നാഷണൽ റോൾ പ്ലെ മത്സരത്തിന് കേരള ടീമിന് രണ്ടാം സ്ഥാനം എന്ന അനൗൻസമെന് കേട്ടു .ഏറ്റവും കൂടുതൽ സന്തോഷിച്ച ഒരു സമയമായിരുന്ന അത്.അങ്ങനെ കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ചുകൊണ്ടു ഞങ്ങൾ കുറ്റ്യാടി ghss ലെ 5

വിദ്യാർഥികളും 3 അധ്യാപകരുമടങ്ങുന്ന ടീം NCERT യിൽ നിന്നും ഉപഹാരമേറ്റുവാങ്ങി.ഞങ്ങളുടെ ലക്ഷ്യത്തെ സാക്ഷാത്കരിക്കാനായതിൽ എല്ലാവരും ഒരുപോലെ ആനന്ദത്തിലായിരുന്നു.ശാരീരിക വൈകല്യങ്ങൾ നേരിടുന്ന ഞങ്ങളുടെ ടീം അംഗമായ മിർഷാദ് അവിടെയെല്ലാവർക്കും പ്രചോദനമായിരുന്നു.ഡൽഹി ടീമിന് ഒന്നാം സ്ഥാനവും ഛത്തീസ്ഗഡ് ടീമിന് മൂന്നാം സ്ഥാനവും ലഭിച്ചു.എല്ലാവരും പരസ്പരം ആശംസകളറിയിച്ചു. അങ്ങനെ ഞങ്ങളുടെ വിജയം സ്കൂളും നാടും ഒരുപോലെ അസ്വദിക്കുന്നുണ്ടെന്ന ഞങ്ങളറിഞ്ഞു.ഒരുപാടുപേർ വിളിച് ആശംസകളറിയിച്ചു.അങ്ങനെ അന്ന് രാത്രിയും ഞങ്ങൾ പുറത്തുപോയി.സന്തോഷത്തോടെ തിരിച്ചു വന്നു.അവിടുത്ത ഭക്ഷണരീതി ഞങ്ങൾക്കെല്ലാവർക്കും 2 ദിവസം കൊണ്ട് തന്നെ മടുത്തിരുന്നു.എന്തുകൊണ്ടും വീണ്ടും നാടും ഞങ്ങൾ നന്നായി മിസ് ചെയ്തു.എല്ലാ പരിപാടികൾക്കും ശേഷം അവസാന രാത്രി ഒരുപാട് വൈകിയും ഞങ്ങൾ എല്ലാ കുട്ടികളുമായും ഡാൻസും മറ്റുമായി കഴിച്ചുകൂട്ടി.വളരെ അടുത്ത സുഹൃത്തുക്കൾ ആ കുറഞ്ഞ ദിവസത്തിൽ ഞങ്ങൾക്കവിടെ ഉണ്ടായിരുന്നു.അവരെ ഇനിയൊരിക്കലും ഒരുമിച്ച് കാണാനാവില്ല എന്നൊരു വിഷമം മനസ്സിൽ വല്ലാതെ ഉണ്ടായി.അവരോടൊത്ത് ആ രാത്രി ചെലവഴിച്ചു.ആ വലിയ ക്യാംപസ് മുഴുവൻ ആവുന്നിടത്തോളം ഞങ്ങൾ നടന്നുകണ്ടു.അങ്ങനെ പിറ്റേന്നേയ്ക്കു വേണ്ടി ബാഗ് പാക്ക് ചെയ്തു.വീണ്ടും ഒരു യാത്രക്ക് തയ്യാറായി.അങ്ങനെ 6| 12|19 ന രാവിലെ ഞങ്ങൾ ഡൽഹിയിൽ നിന്നു ട്രെയിൻ കയറി.2 ദിവസം വീണ്ടും അതിൽ ചെലവഴിച്ച 9 ന പുലർച്ചെ വടകര സ്റ്റേഷനിലെത്തി.ഞങ്ങളെ സ്വീകരിക്കാൻ അധ്യാപകരും pta അംഗങ്ങളും സ്റ്റേഷനിൽ തന്നെയുണ്ടായിരുന്നു.അങ്ങനെ 10 ദിവസത്തെ ഡൽഹി യാത്ര അവസാനിച്ചു ഞങ്ങൾ നാട്ടിലെത്തി.തികച്ചും മനോഹരമായ

നിമിഷമായിരുന്നു അത്.അവിടെയുള്ള ഒരാൾ ഞങ്ങളോട് പറഞ്ഞത് ഇതായിരുന്നു"നിങ്ങളുടെ ജീവിതത്തിൽ ഒരുപാട് കാലത്തിനു ശേഷം ഓർത്തുവെക്കാൻ എന്തെങ്കിലുമുണ്ടെങ്കിൽ അതിനൊപ്പം ഈ യാത്രയുമുണ്ടാവും.ജീവിതത്തിൽ ഈ യാത്ര മറക്കാനാവാത്തതും ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കാൻ അനിവാര്യമായതും ആവട്ടെ.ഭാവിയിൽ നിങ്ങൾക്ക് ഇനിയും ഒരുപാട് മുന്നോട്ട് പോവാനുണ്ട്.കഴിവുകൾ മനസ്സിലാക്കി അതിനെ ഉപയോഗപ്പെടുത്തി വേണം ജീവിക്കാൻ"...ആ വാക്കുകൾ വളരെ പ്രോത്സാഹനം നൽകി.അങ്ങനെ സന്തോഷത്തിന്റെ 10 ദിവസങ്ങൾ കൂടി കഴിഞ്ഞുപോയി.ഒരുപാട് അനുഭവങ്ങളും തിരിച്ചറിവുകളും തന്ന ആ യാത്ര.തികച്ചും മറക്കാനാവാത്ത മനോഹരമായ ദിവസങ്ങൾ.

ആയിശ മിൻഹ

**അമ്മു**

അമ്മു  ജനാലയിലൂടെ അഴികളിൽ പിടിച്ച് കരയുകയാണ് .ആ കരച്ചിലിൽ ഒരു ബലഹീനത വ്യക്തമാക്കുന്നുണ്ട്. അത് എന്തുകൊണ്ടാണെന്ന് അറിയാൻ അമ്മ ഇടയ്ക്കിടെ റൂമിൽ കയറി വന്നു .അലങ്കോലപെടാതെ ഇരിക്കുന്ന ആ റൂമിൽ അവളുടെ  പരീക്ഷ പേപ്പർ കഷണങ്ങൾ ഓരോ വശങ്ങളിലുമായി കണ്ടു. അമ്മയ്ക്ക് കാര്യം പിടികിട്ടി .

ഓ !'ഇതിനാണോ എൻറെ മോള് കരയുന്നേ? ഇതൊക്കെ എന്തിനാ കാര്യമായി എടുക്കുന്നത്? അത് അടുത്ത പരീക്ഷ വരുമ്പോൾ സ്കൂളിൽ തന്നെ ഏറ്റവും കൂടുതൽ മാർക്ക് മോൾക്ക് ലഭിക്കും. അവൾ ഒന്നും പറഞ്ഞില്ല .അത് കേൾക്കാത്തത് പോലെ അവൾ തേങ്ങി .അമ്മ അവളുടെ മുൻപിൽ പരിഭ്രമിച്ച് പോയി. അമ്മയുടെ ഒരു ലോല സ്പർശനം അവളുടെ കരച്ചിൽ നിശ്ചലമാക്കി. അമ്മ അവളെ തലോടിക്കൊണ്ട് പുറത്തേക്ക് നോക്കി .ഒരു തുള്ളി കണ്ണുനീർ ജനാലക്കടുത്തു ഉള്ള സ്ഫടിക ഗ്ലാസിൽ വന്ന് പതിച്ചു .അവിടെ ഒരു ഭിക്ഷക്കാരൻ റോഡിൽ നിന്ന് കിട്ടിയ ഭക്ഷണം ആർത്തിയോടെ കഴിക്കുകയായിരുന്നു. അവരുടെ അരികിൽ ഒരു മൂന്നാല് വയസ്സ് പ്രായം തോന്നിക്കുന്ന ഒരു കുരുന്നു മുണ്ട് .അമ്മ അവളുടെ തോളിൽ കൈവെച്ചു കൊണ്ട് പറഞ്ഞു .

എന്തു കഷ്ടമാണ് ആ വൃദ്ധനെയും അവരുടെ പേരമകളുടെയും കാര്യം. അവർ കഴിക്കുന്നത് പഴകിയ ഭക്ഷണം ആണ്. മോൾക്ക് ഇത്ര സൗകര്യമുണ്ടായിട്ടും മോൾക്ക് എന്താ കഴിച്ചാല്? എനിക്ക് കഴിക്കാൻ കഴിയുന്നില്ല അമ്മേ !.ആ കുട്ടിയുടെ കാര്യം ആലോചിക്കുമ്പോഴാണ് എനിക്ക് സങ്കടം. എനിക്ക് അവളുടെയും മുത്തച്ഛനെയും വിശപ്പു മാറ്റണം .മോള് വിഷമിക്കേണ്ട .എവിടെ ഒരുദിവസം പാഴാകുന്ന ഭക്ഷണത്തിന് കണക്കിൽ നമുക്ക് ഇപ്പോൾ തന്നെ അവർക്ക് ഭക്ഷണം കൊടുക്കാം .

**ശബീഹ് കെ കെ**

## ഓർമപെയ്ത്ത്

ജാലകത്തിനപ്പുറം മഴ നിറഞ്ഞു പെയ്യുന്നു
ഉദാസീനയായി മഴകാഴ്ച്ചകളോടവർ മുഖം തിരിക്കുന്നു ......
മണ്ണടരുകളിൽനിന്നും പൊട്ടിമുളക്കുന്ന
പുൽനാമ്പുകൾ പോലെ
ഓർമകളും മഴയിൽ തളിർക്കുമെന്നോർത്ത്
പരിഭ്രാന്തയാവുന്നു .

എന്നിട്ടും
ഒടുക്കം മഴപ്പെയ്ത്തിലവൾ വഴിതെറ്റിയലയുകയായി

മഴത്തുള്ളികളിൽ സ്മൃതിമുത്തുകൾ തിരയുകയായി
ഓർമ്മകൾ അങ്ങുദൂരെ താഴ്വരകളിൽ
നേർത്ത, വളരെ നേർത്ത മഞ്ഞുകണങ്ങളായി
ഒഴുകിപ്പരക്കുന്നു ,....

ക്യാൻവാസിലപ്പോൾ
വാന്ഗോഗിന്റെ സൂര്യകാന്തിപ്പാടം
പൂത്തലഞ്ഞു ചിരിക്കുന്നു
മഴകനക്കുന്നു ഇതൾ പടരുന്നു

ഓർമപെയ്ത്തിൽ
നനഞ്ഞു കുതിർന്ന് സ്വപ്നാടകയായി
മുകിലുകൾക്കൊപ്പമവർ പാറി നടക്കുന്നു

പൊടുന്നനെയാണ്

ഓർമകളുടെ ഒരുക്കൻ മഴ .
ഇരമ്പിയാർന്ന മഴപ്പക്ഷികളായി മുറി നിറഞ്ഞത്
അവൾക്ക് ചുറ്റുമവ വട്ടമിട്ടു പറന്ന് കലമ്പൽ കൂട്ടിയത്
ആത്മാവ് കൊത്തിയെടുത്ത്
അതിരുകളില്ല നീലാകാശത്തിലേക്ക് പറക്കുന്നത്
ഏത് ചില്ലയിലാവും

നനഞ്ഞുകുതിർന്ന ആത്മാവുമായി

ആ മഴപ്പക്ഷികൾ ചേക്കേറിയിരിക്കുക....

Saeem safwan GHSS Kuttiadi

**ഞാൻ**

സ്വപ്നത്തിൽ ചിറകുമായ്
ഭൂമിയിൽ വന്നു ഞാൻ
സാഹചര്യം എന്നെ പറക്കാൻ പഠിപ്പിച്ചു
പറന്നു....... ഞാൻ
- ആനുകാലികങ്ങളുടെ
ഞാനിപ്പോൾ യുവത്വത്തിന്റെ തുടിപ്പിലാണ്.
ലഹരികൾ എന്നെ തേടിയെത്തി
പ്രചോദനങ്ങൾ എനിക്ക് കൂട്ടായി
ആരോ എന്നെ നിർബന്ധിച്ചു്
മറ്റു പക്ഷികൾ എന്നെ നോക്കി പറഞ്ഞു
കൂട്ടിലടങ്ങാത്ത പക്ഷി..........
ഞാൻ ലഹരിയെ വെറുത്തു
പക്ഷെ ലഹരി എന്നെ പ്രണയിച്ചു
പിരിയാൻ കഴിയാത്ത വിധം -
എന്നെ വാരിപ്പുണർന്നു

ഏതോ മാസ്മരിക ശക്തിയുടെ

അദൃശ്യസാന്നിധ്യത്തിലെൻ -

മനസ്സൊരു അപ്പൂപ്പന്താടിപോൽ പാറിപ്പറന്നു.

ചുറ്റുപാടുകളെനിക്കിപ്പോൾഅന്യമാണ്

ഞാനിപ്പോഴും പറക്കുകയാണ്.

ബന്ധനങ്ങളില്ലാതെ............

സ്വപ്നങ്ങൾ കരിഞ്ഞ ചിറകുമായ്................

Rana fathima 9th J

**മൗനത്തിൻറെ കളത്തിൽ**

ഇന്ത്യ ൻ മാധ്യമ ലോകം
നിശബ്ദമാക്കപെടുകയാണ്.വിയോജിപ്പുകളും പ്രതിപക്ഷശബ്ദങ്ങളും ഇല്ലാതാക്കപെട്ടു കൊണ്ടിരിക്കുന്നു .ഭയവും മൗനവും മാധ്യമലോകത്ത് നിറയുന്നു .

ഭരണകൂടത്തിനു ഇഷ്ടമുള്ളത് മാത്രം പറയൽ എന്നതിലേക്ക് മാധ്യമങ്ങൾ ഒതുങ്ങി കൊടുക്കുന്നു. മാധ്യമങ്ങളെ നിയന്ത്രിക്കുന്നവർ മനുഷ്യമനസ്സുകളെ നിയന്ത്രിക്കുന്നവർ ആണെന്ന് ജിം മോറി സണ്ണിന്റെ അഭിപ്രായം ഇന്ത്യൻ ഈ സാഹജര്യത്തിൽ കൂടുതൽശരിയായി വരുകയാണ്. മാധ്യമങ്ങളെ നിയന്ത്രിക്കുമ്പോൾ മനുഷ്യ മനസ്സുകളിലേക്ക് ഭയം കയറികൂടുന്നു.

ഭയമാണ്ഒരുസമൂഹത്തെ പതിയെ
പതിയെ പൂർണ്ണ മൗനത്തിലേക്ക് നയിക്കുന്നത്. അത്

ഒരു ജനതയുടെ  ആന്തരിക
മരണത്തെയുംപ്രതിനിധാനം പ്രതിനിധാനം
ചെയ്യുന്നുണ്ട്ഇതിനെ മറികടക്കാൻ ശ്രമിക്കുന്ന
മാധ്യമങ്ങളും മാധ്യമ പ്രവർത്തകരും പൂർണ്ണമായും
ഇല്ലാതായിട്ടില്ല. അവരുടെ മാധ്യമ പോരാട്ടങ്ങൾ പല
നിലയിൽ സങ്കീർണതകളിലേക്ക്
നായികപ്പെടുന്നുണ്ടെങ്കിൽ അതിജീവിക്കാനുള്ള
ശ്രമങ്ങളും നടക്കുന്നു എന്നത് ആശ്വാസകരമാണ്.
ഓൺലൈൻ - സോഷ്യൽ മീഡിയ ഇടപെടലുകൾ
പോലും നിയന്ത്രിക്കാനുള്ള പലവിധ ശ്രമങ്ങളും
നടക്കുന്നു. മാധ്യമങ്ങൾ നിശബ്തമാക്കപ്പെടുന്ന
രാജ്യങ്ങളാണ് പിന്നീട് ചരിത്രത്തിൽ
പ്രേതാലയങ്ങളായതെന്ന് രാജ്യത്തെ മുൻനിര
മാധ്യമപ്രവർത്തകർ നമ്മെ ഓർമിപ്പിക്കുന്നത്........

**നൗഷാദ് നാസർ**

**അമ്മ**

എന്റെ നല്ല അമ്മ

രാവിലെ എഴുന്നേല്പിക്കും
കുളിപ്പിക്കും ഭക്ഷണം തരും എന്റെ അമ്മ

എന്നെ സംസാരിക്കാൻ പഠിപ്പിച്ചത്
എന്റെ അമ്മ

എന്നെ നടക്കാൻ പഠിപ്പിച്ചത്
എന്റെ അമ്മ

എനിക്ക് ഭക്ഷണം വാരി തരും
എന്റെ അമ്മ

മുഹമ്മദ് സഹൽ .എൻ കെ.

**കുസൃതി കുരങ്ങൻ**

അപ്പു കുസൃതി ആയ ഒരു കുരങ്ങൻ ആയിരുന്നു .കുസൃതി അതിരു കടക്കുമ്പോളൊക്കെ അവൻ എന്തെങ്കിലും ഒക്കെ പ്രശ്നങ്ങളിൽ ചെന്നു ചാടുമായിരുന്നു.

ഒരിക്കൽ അപ്പുവും കൂട്ടുകാരും കറങ്ങി തിരിഞ്ഞ്അടുത്തുള്ള ഗ്രാമത്തിലെത്തി ഒരു കൂട്ടം മരപ്പണിക്കാർ, മരത്തടികൾ അറുത്ത് മുറിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത് അവർ കണ്ടു വലിയ മരത്തടികൾ പോലും അവർ അനായാസം മുറിച്ചുമാറ്റുന്നതു കണ്ട അപ്പുവിന് അൽഭുതം അടക്കാനായില്ല  അവൻ സൂക്ഷ്മമായി അവരുടെ ജോലി നോക്കിക്കൊണ്ടിരുന്നു ഒരു വലിയ മരത്തടി മുറിക്കുന്നതിനായി ഉണ്ടാക്കിയ വിടവിൽ പണിക്കാരിൽ ഒരാൾ ഒരു ആപ്പ് കുത്തികയറ്റുന്നത് അപ്പു കണ്ടു പെട്ടെന്നാണ് ഭക്ഷണ അറിയിക്കുന്ന മണി മുഴങ്ങിയത് പണിക്കാർ ജോലി മാറ്റി വെച്ച് ഭക്ഷണം കഴിക്കുന്നതിനായി പോയി അപ്പു ,ആപ്പ് വെച്ചിരുന്ന  മരത്തിന് അടുത്ത് ഓടിയെത്തി അവന് ആകാംക്ഷ അടക്കുവാനാ യില്ല. മരത്തടിയുടെ വിടവിൽ കൈകടത്തി അവൻ രണ്ടു വശങ്ങളിലേക്കും വലിച്ചു നോക്കി ഒന്നും സംഭവിച്ചില്ല.

അതുകൊണ്ട് ഉണ്ട് അവൻ  ഇടയ്ക്ക് വെച്ചിരുന്ന ആപ്പ് ആപ്പ് വലിച്ചൂരുവാൻ അവൻ തീരുമാനിച്ചു ആകാംക്ഷ ക്കിടയിൽ അവന്റെ വാൽ തടിയുടെ വിടവിൽ കുടുങ്ങിയത്  അവൻ കണ്ടില്ല ആപ്പ് വലിച്ചൂരിയതും തടിയുടെ വിടവ് ചേർന്നടഞ്ഞു അവന്റെ വാൽ കുടുങ്ങിപ്പോയി അവൻ എത്രയൊക്കെ ശ്രമിച്ചിട്ടും അവന്റെ വാൽ വലിച്ചൂരാൻ ആയില്ല അവസാനം അപ്പു മാത്രം രക്ഷപ്പെട്ടു അവന്റെ വാൽ മുറിഞ്ഞുപോയി ആ തടിയുടെ വിടവിൽ കുടുങ്ങിപ്പോയി അങ്ങനെ അപ്പു ഒരു വലില്ലാത്ത ഒരു കുരങ്ങനായി മാറി

**Muhammad sahal 9- L**

# അവസാനിപ്പിക്കൂ ഈ അക്രമം

നാം ജീവിക്കുന്ന ഭൂമിയും അതിലെ പ്രകൃതിയും നമുക്ക് ദൈവം തന്ന അനുഗ്രഹമാണ് . പ്രകൃതി നമ്മുടെ ജീവന് അത്യാവശ്യമാണ് . പ്രകൃതിയിൽ കാണുന്ന ഓരോന്നും മനുഷ്യന്റെ ഉപയോഗത്തിനുള്ളതാണ് . അതെല്ലാം മനുഷ്യന്റെ വൈകാരികത കൊണ്ടും പുതിയ കണ്ടു പിടിത്തങ്ങൾ - കൊണ്ടും പതിയെ അവൻ നശിപ്പിക്കാൻ തുടങ്ങി . വയലുകളും കുന്നുകളും നികത്തിയും പ്രകൃതിയുടെ മുക്കാൽ ഭാഗവും കോണ്ക്രീറ്റ് സൗധങ്ങളാക്കി മാറ്റി . വലിയ നീല തിമിംഗലം മുതൽ ചെറിയ പ്രാണികൾ വരെ മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരത കൊണ്ട് നശിക്കാന് തുടങ്ങി മനുഷ്യൻ ശ്വസിക്കുന്ന പ്രാണവായു വരെ ഇപ്പോൾ മലിനമായികിടക്കുകയാണ് .

വയലുകൾ , കുന്നുകൾ കാടുമടുകൾ ഇതെല്ലാം നമുക്ക് മുൻകാലങ്ങളിൽ വളരെ ആസ്വാദ്യകരമായിരുന്നു . മനുഷ്യൻ ക്രൂരമായി പ്രകൃതിയ നശിപ്പിക്കാൻ തുനിഞ്ഞതോടെ ഇതെല്ലാം നഷ്ടമായി തീരുകയാണ് . കുന്നുകളും , വയലുകളും , പുഴകളും നികത്തിയും കാടുകൾ വെട്ടിയും ഉണ്ടാക്കിയ ആകാശം തൊട്ട് നിൽക്കുന്ന ഫ്ലാറ്റുകളിൽ നിന്നും , ഫാക്ടറി കളിൽനിന്നും വരുന്ന മലിന ജലവും മാലിന്യവും പ്രകൃതിക്ക് ഏറ്റവും പ്രിയപ്പെട്ട ജലാശയങ്ങളിലേക്കാണ് തള്ളിവിടുന്നത്

. ഇതിനൊക്കെ കാരണക്കാർ നാം തന്നെ . പ്രകൃതി രമണീയമായ ഓരോ കാഴ്ചയും ഇല്ലാതാകുമ്പോൾ ഓരോ അസൗകര്യങ്ങളും വർധിച്ച് വരുകയാണ് . ഇതുപോലെ തന്നെ പ്രകൃതി നേരിടുന്ന മറ്റൊരു പ്രശ്നമാണ് മനുഷ്യന്റെ അമിതമായ പ്ലാസ്റ്റിക് ഉപയോഗം . ഇങ്ങനെ എന്തെല്ലാം ക്രൂരതകളാണ് പ്രകൃതിയോട് നാം കാട്ടിക്കൂട്ടുന്നത് . ഇങ്ങനെ പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുമ്പോൾ ഒരു നാൾ പ്രകൃതിതന്നെ ഇല്ലാതാവും ഇതിനൊക്കെ അവസാനം ഖേദിക്കേണ്ടിവരുന്നത് നമ്മൾ തന്നെയാണ്. പ്രകൃതിയെ സംരക്ഷിക്കാൻ നമ്മളോരോരുത്തരും അണിചേരുക പ്രകൃതിയുടെ രക്ഷക്കായി നമുക്ക് മുന്നേറാം

സഫ്വാൻ 9n

## TRULY ONE

All I want was a friend A person to share thoughts Secret and jokes with But you denied me Rejected me. Thought of me no more, Than a fool! I bore the pain, The sadness without a word, You let,I followed. But now you know you have hurt more than ever You have insulted me Made me joke You have insulted me Made me joke.

You have broken my heart. I was lonely with no one And now that you have left me, I felt I am truly all alone. I thought you cared, You saw,you understood But I can see I was wrong. Wrong to think, you as good I understand now, I see now That never can two people be 'Truly One '

HIBA HABEEB

# മാലിന്യകേരളം

കേരളം ഒരുദിവസം പുറന്തള്ളുന്നത് ഉദ്ദേശം 10000 ടൺ മാലിന്യം. ഏതെങ്കിലും രീതിയിൽ സംസ്കരിക്കപ്പെടുന്നതു പരമാവധി 5000 ടൺ മാത്രം. ബാക്കി 5000 ടൺ മാലിന്യം കേരളത്തിലങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്നു. ഏതുനിമിഷവും പൊട്ടിപ്പുറപ്പെട്ടേക്കാവുന്ന പകർച്ചവ്യാധികളിലേക്കുള്ള തീക്കൊള്ളികളാണു നാം കവറിൽ കെട്ടി ഇങ്ങനെ വലിച്ചെറിയുന്നത്. കേരളം നേരിടുന്ന ഏറ്റവും ഗുരുതരപ്രതിസന്ധി മാലിന്യമാണെന്നു മാറിവരുന്ന സർക്കാരുകൾ ഏറ്റുപറഞ്ഞിട്ടും മാലിന്യസംസ്കരണത്തിനു ഫലപ്രദമായ മാർഗങ്ങൾ ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വികേന്ദ്രീകൃതമാലിന്യസംസ്കരണം ആശാവഹമാണെങ്കിലും ഇതിന്റെ പ്രായോഗികത ഇപ്പോഴും ചോദ്യചിഹ്നം. 2. കാലം തെറ്റുന്ന കാലാവസ്ഥ കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിലെ ചൂട് 100 വർഷത്തിനുള്ളിൽ 4.5 ഡിഗ്രി സെൽഷ്യസ് കൂടുമെന്നാണു ശാസ്ത്രലോകത്തിന്റെ മുന്നറിയിപ്പ്. മഴ കുറയും, പ്രകൃതിദുരന്തങ്ങളുടെ എണ്ണം കൂടും.എട്ടു വർഷത്തിനിടെ കേരളത്തിൽ നെല്ല് ഉൽപാദനത്തിൽ ആറു ശതമാനവും സുഗന്ധവിളയിൽ 20 ശതമാനവും കുറവുണ്ടായി. നാളികേര ഉൽപാദനം 10% കുറഞ്ഞു.ജനിതകമാറ്റം വന്ന

പുതിയതരം വൈറസുകളും രോഗങ്ങളും കാലാവസ്ഥാ മാറ്റത്തിന്റെ മറ്റൊരു ലക്ഷണം. 3. ശാന്തമല്ല, കടൽ ആറുമാസം മുൻപ് ഓഖി ചുഴലിക്കാറ്റിൽ 52 പേർ മരിക്കുകയും 91 പേരെ കാണാതാകുകയും ചെയ്തപ്പോൾ ശാസ്ത്രലോകം ഒരു മുന്നറിയിപ്പ് തന്നു–അറബിക്കടൽ പഴയ അറബിക്കടലല്ല. ഇനി ചുഴലിക്കാറ്റ് അടിക്കടി ഉണ്ടാകാം. സാഗറും മേകുനുവും കേരളത്തെ കാര്യമായി ബാധിച്ചില്ലെങ്കിലും കരുതിയിരുന്നേ മതിയാകൂ എന്നതിന്റെ സൂചനകളാണിത്. അറബിക്കടലിൽ താപനില വർധിക്കുന്നതാണു ചുഴലിസാധ്യത കൂട്ടുന്നത്. ശരാശരി 30 ഡിഗ്രി വരെ ചൂടുപിടിച്ചു കിടക്കുന്ന അറബിക്കടലിൽ വൻ നഗരങ്ങളിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ മൂലം ചൂട് പിന്നെയും കൂടുന്നു. ഓക്സിജന്റെ അളവു കുറയുന്നതുമൂലം അറബിക്കടലിന്റെ പല ഭാഗങ്ങളിലും മൃതമേഖല (ഡെഡ് സോൺ) രൂപപ്പെടുന്നുണ്ട്. മൽസ്യങ്ങൾ ചത്തുപൊങ്ങുന്നതിനൊപ്പം ചെറിയ ജീവികളും കടൽസസ്യങ്ങളും പവിഴപ്പുറ്റുകളും നശിക്കും. ആഗോളതപനത്തിനു പുറമെ വൻനഗരങ്ങളിൽ നിന്നുള്ള ഓടജലം, മൽസ്യഫാമുകളിൽ നിന്നുള്ള പുറന്തള്ളൽ തുടങ്ങി പ്ലാസ്റ്റിക് വരെയുള്ള മാലിന്യങ്ങൾ കുന്നുകൂടുന്നതാണ് സമുദ്രഘടനയിലെ രാസമാറ്റത്തിനു പിന്നിൽ. 4. ജലമാലിന്യം കേരളത്തിലെ 80 ശതമാനം കിണറും മലിനമെന്നാണു

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി ധവളപത്രത്തിലെ കണക്ക്. വിസർജ്യ വസ്തുക്കളിൽ കാണുന്ന ബാക്ടീരിയകളാണ് കിണറുകളിൽ നിറഞ്ഞിരിക്കുന്നത്. തീരപ്രദേശത്തെ ഭൂഗർഭ ജലത്തിൽ ഉപ്പുരസത്തിന്റെ അളവ് ക്രമാതീതമായി വർധിച്ചു. പാലക്കാട്, ആലപ്പുഴ ജില്ലകളിലെ ഭൂഗർഭ ജലസ്രോതസ്സുകളിൽ അമിതതോതിൽ ഫ്ലൂറൈഡ് കണ്ടെത്തി. വ്യവസായങ്ങൾ മൂലമുള്ള ഭൂഗർഭ ജല മലിനീകരണം എറണാകുളം, കൊല്ലം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിലുമുണ്ട്. വ്യവസായ മാലിന്യങ്ങളും കീടനാശിനികളും ജലാശയങ്ങളിലേക്ക് ഒഴുകിയിറങ്ങിയതോടെ കുട്ടനാട്ടിലെ തണ്ണീർത്തടങ്ങളിലും വേമ്പനാട്ടു കായലിലും ശുദ്ധജല തടാകങ്ങളിലും ഓക്സിജൻ സാന്നിധ്യം അപകടകരമായ നിലയിൽ കുറയുന്നു. 5. എങ്ങനെ ശ്വസിക്കും? ഡൽഹിയെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളം ഭേദമാണ്, വായുമലിനീകരണത്തിന്റെ കാര്യത്തിലെങ്കിലും. എന്നാൽ, കൊച്ചിയും കോഴിക്കോടും ഉൾപ്പെടെയുള്ള നഗരങ്ങളിൽ വായുമലിനീകരണം വർധിച്ചുവരുന്നുവെന്നാണു പുതിയ പഠനങ്ങൾ തെളിയിക്കുന്നത്. വാഹനങ്ങൾ, നിരത്തിലെ പൊടിപടലങ്ങൾ, മാലിന്യങ്ങൾ കത്തിച്ചുള്ള മലിനീകരണം എന്നിവയാണു വായുമലിനീകരണത്തിന്റെ പ്രധാന കാരണം. സംസ്കരണത്തിനുള്ള മാർഗങ്ങൾ ഇല്ലാത്തതുമൂലം പ്ലാസ്റ്റിക് കത്തിക്കുന്നതും കേരളത്തിൽ വ്യാപകമാണ്. 6. മഴക്കുറവ്,

ചൂടേറ്റം സംസ്ഥാനത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ മഴ ശരാശരി 38% കുറഞ്ഞു. ഭൂഗർഭ ജലനിരപ്പ് വർഷം തോറും കുറയുന്നു. പത്തോളം താലൂക്കുകൾ സ്ഥായിയായ വരൾച്ചാ ഭീഷണിയിലേക്കു നീങ്ങുന്നു. കേരളത്തിലെ 90% പ്രദേശങ്ങളും വരൾച്ചാസാധ്യത ഭൂപടത്തിലുണ്ട്. കാലാവസ്ഥാമാറ്റം മൂലം സമീപഭാവിയിൽ വീണ്ടും കേരളത്തിൽ മഴ കുറയുമെന്നാണു വിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്. കേരളത്തിന്റെ അന്തരീക്ഷ താപനില ഓരോവർഷവും 0.01 ഡിഗ്രി വീതം കൂടുന്നതായാണു കാലാവസ്ഥാ വകുപ്പിന്റെ കണക്ക്. ആറു പതിറ്റാണ്ടിനിടെ 0.99 ഡിഗ്രി ശരാശരി താപനില ഉയർന്നു.  ഇടുക്കി ജില്ലയിലെ രാമക്കൽമേട്, കമ്പംമെട്ട്, ബോഡിമെട്ട് എന്നീ സ്ഥലങ്ങളിലെ 450 ചതുരശ്രയടി ഭൂമി കള്ളിമുൾച്ചെടി മാത്രം വളരുന്ന തരിശുനിലമായി.  7. കടലാക്രമണം,  തീരശോഷണം ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിന്റെ പകുതിഭാഗം കടൽ വിഴുങ്ങുമെന്നാണു വിദഗ്ധരുടെ മുന്നറിയിപ്പ്. ഈ നൂറ്റാണ്ട് അവസാനിക്കുന്നതോടെ ആഗോള താപനത്തിന്റെ ഫലമായി സമുദ്രനിരപ്പ് ഇപ്പോഴുള്ളതിനേക്കാൾ 50 സെന്റീമീറ്റർ വരെ ഉയർന്നേക്കും. സമുദ്രനിരപ്പിൽനിന്ന് ഒരുമീറ്റർ ശരാശരി ഉയരത്തിലാണു കേരളത്തിന്റെ തീരം. 40 സെന്റിമീറ്റർ സമുദ്രനിരപ്പ് ഉയർന്നാൽ കുട്ടനാടും മൺറോ തുരുത്തും ഉൾപ്പെടെ താഴ്ന്ന മേഖലകൾ സമുദ്രത്തിനടിയിലാകും.

കേരളത്തിലെ 590 കിലോമീറ്റർ കടൽത്തീരത്തെ 215.5 കിലോമീറ്റർ (36.6%) രൂക്ഷമായ കടലാക്രമണസാധ്യതാ മേഖല. 10 വർഷത്തിനിടെ കടലാക്രമണം മൂലം നഷ്ടമായതു 493 ഹെക്ടർ കരഭൂമി. 8. കണ്ണീരായി തണ്ണീർത്തടങ്ങൾ കേരളത്തിൽ വയലുകളുടെ വിസ്തൃതി കഴിഞ്ഞ 40 വർഷം കൊണ്ട് 7.54 ലക്ഷം ഹെക്ടറിൽനിന്ന് 1.9 ലക്ഷം ഹെക്ടറായി. അതിലോല ആവാസ വ്യവസ്ഥകളിൽ ഒന്നായ തണ്ണീർത്തടങ്ങളിൽ 49 ശതമാനത്തിന്റെ കുറവുണ്ടായി. കണ്ടൽക്കാടുകളുടെ ആകെ വിസ്തീർണം 700 ചതുരശ്ര കിലോമീറ്ററിൽ നിന്നു വെറും ഒൻപതു ചതുരശ്ര കിലോമീറ്ററായി ചുരുങ്ങി. 9. കാടെവിടെ മക്കളെ? രേഖകൾ പ്രകാരം കേരളത്തിൽ കാടിന്റെ വിസ്തൃതി വർധിക്കുന്നുണ്ടെങ്കിലും വനനാശം വ്യാപകമാകുന്നുവെന്ന് വിദഗ്ധർ. പ്രതിവർഷം ശരാശരി 3000 ഹെക്ടർ കാട് കാട്ടുതീമൂലം നശിക്കുന്നു. 2009 മുതൽ 2014 വരെ നശിച്ചതു 18,170 ഹെക്ടർ. കാട്ടുവിട്ട് വന്യജീവികൾ വെള്ളവും പച്ചത്തീറ്റയും തേടി മനുഷ്യവാസ കേന്ദ്രങ്ങളിലേക്കിറങ്ങുന്നത് വ്യാപകമായി. കേരളത്തിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിൽ നിർണായകപങ്കു വഹിക്കുന്ന പശ്ചിമഘട്ടം നേരിടുന്ന പ്രധാന ഭീഷണികളിലൊന്ന് അനധികൃത ക്വാറികളാണ്. പാറയും മണ്ണുമൊക്കെ കടത്തുമ്പോൾ വലിയൊരു പാരിസ്ഥിതിക ഭീഷണി കൂടിയാണ്

നാം സൃഷ്ടിക്കുന്നത്. കേരളത്തിൽ 5924 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ 354 എണ്ണം ഭൂകമ്പമേഖലയുടെ ഒരുകിലോമീറ്റർ പരിധിക്കകത്താണെന്നും കേരള വനഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകുന്നു. 3000 ക്വാറികൾ പ്രവർത്തിക്കുന്നത് അനുമതിയില്ലെതായാണെന്നു നിയമസഭ പരിസ്ഥിതി സമിതി റിപ്പോർട്ടിലുണ്ട്. 10. വംശനാശ ഭീഷണിയിൽ 205 ജീവികൾ കേരളത്തിൽ 205 കശേരുക ജീവികൾ (നട്ടെല്ലുള്ളവ) വംശനാശ ഭീഷണിയിലാണ്. കേരളത്തിലും സംസ്ഥാനാതിർത്തിയിൽ പശ്ചിമഘട്ടത്തിലുമായി കാണുന്ന 1847 കശേരുക ജീവികളുടെ 11% വരും ഇത്. ഇവയിൽ 148 ഇനം കേരളത്തിലും പശ്ചിമ ഘട്ടത്തിലും മാത്രം കാണുന്നവ. വംശനാശം സംഭവിച്ചാൽ ഈ ഭൂമുഖത്തുനിന്നു തന്നെ ഇവ തുടച്ചുനീക്കപ്പെടും. ഇവയിൽ 23 ഇനങ്ങൾ അതീവ വംശനാശ ഭീഷണി നേരിടുന്നെങ്കിൽ 90 ഇനം വംശനാശ ഭീഷണി നേരിടുന്നവയും 92 ഇനം വംശനാശ ഭീഷണിയുള്ളവയുമാണ്. പാരിസ്ഥിതിക മാറ്റങ്ങൾ ദുരന്തങ്ങളല്ല. അവയെ ഫലപ്രദമായി നേരിടാൻ കഴിയാതിരിക്കുമ്പോഴാണു ദുരന്തമായി മാറുന്നത്. കേരളം ഭാവിയിൽ നേരിടാൻ പോകുന്ന പരിസ്ഥിതി പ്രശ്നങ്ങളെയോ അവയെ നേരിടേണ്ട മാർഗങ്ങളെയോ കുറിച്ച് സംസ്ഥാന സർക്കാർ ഇതുവരെ ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

പരിസ്ഥിതിദിനാചരണം അത്തരം ചിന്തകൾക്കുള്ള വേദികൂടിയായാണ് മാറേണ്ടത്.

ചൂട് പിന്നെയും കൂടുന്നു. ഓക്സിജന്റെ അളവു കുറയുന്നതുമൂലം അറബിക്കടലിന്റെ പല ഭാഗങ്ങളിലും മൃതമേഖല (ഡെഡ് സോൺ) രൂപപ്പെടുന്നുണ്ട്. മൽസ്യങ്ങൾ ചത്തുപൊങ്ങുന്നതിനൊപ്പം ചെറിയ ജീവികളും കടൽസസ്യങ്ങളും പവിഴപ്പുറ്റുകളും നശിക്കും. ആഗോളതപനത്തിനു പുറമെ വൻനഗരങ്ങളിൽ നിന്നുള്ള ഓടജലം, മൽസ്യഫാമുകളിൽ നിന്നുള്ള പുറന്തള്ളൽ തുടങ്ങി പ്ലാസ്റ്റിക് വരെയുള്ള മാലിന്യങ്ങൾ കുന്നുകൂടുന്നതാണ് സമുദ്രഘടനയിലെ രാസമാറ്റത്തിനു പിന്നിൽ. 4. ജലമാലിന്യം കേരളത്തിലെ 80 ശതമാനം കിണറും മലിനമെന്നാണു സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി ധവളപത്രത്തിലെ കണക്ക്. വിസർജ്യ വസ്തുക്കളിൽ കാണുന്ന ബാക്ടീരിയകളാണ് കിണറുകളിൽ നിറഞ്ഞിരിക്കുന്നത്. തീരപ്രദേശത്തെ ഭൂഗർഭ ജലത്തിൽ ഉപ്പുരസത്തിന്റെ അളവ് ക്രമാതീതമായി വർധിച്ചു. പാലക്കാട്, ആലപ്പുഴ ജില്ലകളിലെ ഭൂഗർഭ ജലസ്രോതസ്സുകളിൽ അമിതതോതിൽ ഫ്ലൂറൈഡ് കണ്ടെത്തി. വ്യവസായങ്ങൾ മൂലമുള്ള ഭൂഗർഭ ജല മലിനീകരണം എറണാകുളം, കൊല്ലം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിലുമുണ്ട്. വ്യവസായ മാലിന്യങ്ങളും കീടനാശിനികളും ജലാശയങ്ങളിലേക്ക്

ഒഴുകിയിറങ്ങിയതോടെ കുട്ടനാട്ടിലെ തണ്ണീർത്തടങ്ങളിലും വേമ്പനാട്ടു കായലിലും ശുദ്ധജല തടാകങ്ങളിലും ഓക്സിജൻ സാന്നിധ്യം അപകടകരമായ നിലയിൽ കുറയുന്നു. 5. എങ്ങനെ ശ്വസിക്കും? ഡൽഹിയെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളം ഭേദമാണ്, വായുമലിനീകരണത്തിന്റെ കാര്യത്തിലെങ്കിലും. എന്നാൽ, കൊച്ചിയും കോഴിക്കോട്ടും ഉൾപ്പെടെയുള്ള നഗരങ്ങളിൽ വായുമലിനീകരണം വർധിച്ചുവരുന്നുവെന്നാണ പുതിയ പഠനങ്ങൾ തെളി അത്തരം ചിന്തകൾക്കുള്ള വേദികൂടിയായാണ് മാറേണ്ടത

ഹിബ ഹബീബ്

## അമ്മ

പൂനിലാവിൽ   വിരിയുന്നപോൽ
എൻ ഹൃത്തിൽ  നിറയും  മധുരംപോൽ
മനസ്സിൽ  അമ്മതൻ  വാക്കുകൾ
അമ്മയെ  അറിയും  നിമിഷം....
എന്നെ  നിനച്ചൊരാ....
അമ്മതൻ  നൊമ്പരം
അമ്മതൻ  കണ്ണിണയിൽ  നിന്നും
അടർന്നു വീഴ്‌കെ
അമ്മയായ് ഒഴുകും പുഴയിൽ
കാലം
കാലമേ
നീ  എത്ര  മാറിപോയ്

തെളിനീരുപോലെ
പരിശുദ്ധമായ ബന്ധങ്ങളിൽ
എന്തിനാണ്
ചതിയുടെ കൈപ്പുനീർ
തളിക്കുന്നത്
നീ
അമ്മയുടെ മാതൃത്യത്തിലും

സഹോദര സ്നേഹത്തിലും
കാപട്യം കലർത്തുന്ന തെന്തിനാണ്?
വിശ്യാസത്തിന്റെ പവിത്രതയിൽ
കോർത്ത ദാമ്പത്യത്തിലും
വിഷത്തുള്ളികൾ വീഴ്ത്തി
കാലമേ
ചിന്തിക്കുന്നവന്റെ മനസ്സിൽ തെറ്റുകൾ
നിറക്കുന്നതെന്തിനാണ് നീ?
കാലമേ
നീ മാറണം വഞ്ചനയുടെയും
കുടിലതയുടെയും ഈ
ലോകത്ത് നിന്ന്.
തിരിഞ്ഞു നടക്കണം നീ
ഇന്നലെകളുടെ
മനോഹര തീരങ്ങളിലേക്ക്
സ്നേഹിക്കാൻ മാത്രമറിഞ്ഞിരുന്ന

പൂർവികരുടെ ചാരത്തേക്ക്.
അന്തതയില്ലാത്ത  കണ്ണുകളും
ബധിരമല്ലാത്ത  കാതുകളും
വാചാലമായ
നാവുകളും

നൽകിയ  അവാച്യ അനുഭൂതികളുടെ
ഇന്നലെകളിലേക്കു
കാലമേ
നിന്നെയെങ്കിലും
ഞാനൊന്നു  വിശ്വസിച്ചോട്ടെ.

സവാദ് കെ പി

## Incredible moments

National role play and folk dance competition is conducted by SCERT  in state level and NCERT in National level under NPEP the competition is for students of 9th standard in all government schools in India.It is a play based on different issues faced by our society. We could present it either in English or Hindi. There is no special makeup, costumes, settings and properties. Uniform was the costume .We had 4 themes: personal safety, safe use of internet, Gadgets and mobile literacy causes and prevention of substance abuse nutrition food .

Among this our theam was personal safety and causes and presentation of substance abuse. Competitions in educational district level, district level and state level are what made us reach Delhi for National level competitions. Muhammad Mirshad, Mohammed Nihal, Muhammad Bilal, Aysha Minha and me were the

students among us. Our teachers ,Rekha teacher, Sajila teacher Akesh sir accompanid us. Rekha teacher was who scripted and directed the play. We had the whole support of our teachers, parents and friends. Among us Mirshad was a differently abled boy. He had some difficulties to walk. He had faced many problems in his life. But he faced everything with a smile on his face.

After two days of train journey ,we reached




Delhi on second December. We stayed in NCERT guest house, with the students and teachers of all states and union territories. In India Temperature was very lone there because it was winter. It was the best chance to mingle with everyone. We got many friends from states like Sikkim, Manipur, Mizoram etc.

We played dance and ate food with them. Food was in North Indian style. it was also a different experience for us that we came to know about their food habits. First level competition was on 3rd December. That day

on morning we had inaugral functions. Every competators, teachers, judges, guests and directors of NCERT assembled in a hall. After that it was time for competition in South Zone. It was from a studio, infront of number of cameras. We performed there. And after that there was an interaction session in which judges and audience asked questions to us. The result was not announce that day. Next day they took us for a programme ‘Delhi Darshan’ to visit some place in Delhi. We visited Qutub Minar and India Gate. We enjoyed a lot. When we reached back to guest house it was time for result. Rekha Teacher went to look the result. We were so nervous and when she came back to room and told as, we are the top scores, we here so happy that we howled and jumped. Our teachers were so happy than us. Next day it was final competition. We had to compete with eight teams. One which was most difficult to face. Everyone were confident but I was very nervous after seeing other performances. We had to perform at last. We performed well and when it was time for interaction, we couldn't answer all questions. The result was announced next day. Next day we had to perform one more time on the same hall where inaugural functions took place. Rajasthan and us were the two teams to perform there. We performed in front of a large audience. There was hundreds and hundreds of people. After the performance we got a huge

applause. I think it was the best performance we’ve done. First, the  result of folk dance competition was announced. Then it was time for our result. First third place was announced. It was Chandigarh.Then second place. when we heard that we are the runner ups we were so shocked.The children of other states cheered us. We were so happy.   One of the unforgettable moment in life. We received the prize .We were so proud to represent Kerala there. That journey was the most important an unforgettable  one in our life. It was only because of the hardwork of Rekha teacher we got prize in National level.It was her dream.And Sajila teacher and Akesh sir cared us like our parents throughout our journey.We are so proud that because of us Mirshad who was not able to travel, visited Delhi. The most hilarious moment in life.

ANJALA SUMESH

***ഭൂമിയുടെ_അവകാശികൾ ***

**റിൻഷ റിനു 9 I**

ഞാൻ വായിച്ച പുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ ' ആണ്
ബഷീർ തന്റെ കൃതികളിൽ വളരെ വ്യത്യസ്തമായ ഭാഷയാണ് ഉപയോഗിക്കാറുള്ളത് മറ്റു എഴുത്ത് കാരെ അപേക്ഷിച്ച് അദ്ദേഹം വ്യത്യസ്തനാണ്.അദ്ദേഹം തന്റെ കൃതികളിൽ പ്രകൃതിക്ക് വളരെ വലിയ സ്ഥാനം നൽകാറുണ്ട്.

'ഭൂമിയുടെ അവകാശികൾ ' എന്ന കൃതിയിൽ മനുഷ്യർക്കും മറ്റും ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ ഒരേ പോലെ അവകാശമുണ്ടെന്ന് ബഷീർ പറയുന്നു. നാം മനുഷ്യർ മൃഗങ്ങളോടും പ്രകൃതി യോടും ക്രൂരമായി പെരുമാറുന്നു. ഇവയെല്ലാം ഒരു പോലെ കാണണമെന്ന് ബഷീർ

നിർദേശിക്കുന്നു .ഭൂമിയുടെ അവകാശികളായി നാം മനുഷ്യർ മാത്രമാണെന്ന ചിന്ത നമ്മൾ മാറ്റേണ്ടതുണ്ടെന്ന് ബഷീർ ഓർമിപ്പിക്കുന്നു.

വ്യത്യസ്ത ഭാഷാശൈലി കോണ്ട് പ്രശസ്തനാണ് ബഷീർ. ബഡുക്കൂസ്, ഇമ്മിണി, തുടങ്ങിയ നാട്ടുംപുറ ഭാഷകൾ അദ്ദേഹം തന്റെ കൃതികളിൽ ഉൾപ്പെടുത്താറുണ്ട്

************************

## Loneliness


**I just heard the horn of the truck**
**I fell into sleep**

**I don't know what happened**
**It felt like ...I don't know**
**When l opened my eyes**
**They were crying, my mom**
**My dad l don't Know why**
**I went to my son Icalled**
**Asked, but she didn't respond**
**Why why why???**
**No body was hearing why?**
**When I looked back there**
**In my bed it was me**
**Dead........**
**Some body took and put into a hollow**
**Dark deep pit**
**But l felt like putting me**
**In a deep danger**
**Darkness, fearness, loneliness**
**Come to me, I don't  know**
**What to do some body, any body**
**No, no I can't**
**Loneliness I hate you**

**Nishana jabin kuuttiadi**







**വായനയുടെ സ്വർഗ്ഗത്തിൽ**

"വായിച്ച വളരുക " അതാണ് നമ്മുടെ ലക്ഷ്യം. കാരണം വായനയിലൂടെയാണ് നമുക്ക് പലതും നേടാനാവുന്നത്. ഭാഷയെക്കുറിച്ചുള്ള അറിവുകളും, ആശയങ്ങളും, മറ്റു വിവര വിനിമയത്തിനുമുള്ള ഉപാധിയാണ് വായനയിലൂടെ നാം ഓരോരുത്തരും കൈവരിക്കുന്നത്.

ഇന്ന് ധാരാളം ശാസ്ത്ര-സാങ്കേതിക കണ്ടുപിടുത്തങ്ങൾ ഉണ്ട്. ഉദാഹരണമായി; മൊബൈൽ, കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവയുടെള്ള പങ്ക് ചെറുതൊന്നുമല്ല. ഇതിനോടൊപ്പം പത്രം, മാഗസിൻ, പുസ്തകങ്ങൾ ഇതിന്റെയൊന്നും പങ്ക് ചെറുതൊന്നുമല്ല. ആയതിനാലാണ് വായനയുടെ പ്രസക്തി കൂടുതൽ മെച്ചപ്പെടുത്തുവാനായി വഴിയിടങ്ങളിൽ വായനാശാലകളും ,സ്കൂൾ ,കോളേജ് എന്നിവിടങ്ങളിൽ ലൈബ്രറികളും നിലനിൽക്കുന്നത്. ഇതെല്ലാം നേരിൽ അറിഞ്ഞതുകൊണ്ടായിരിക്കും കുഞ്ഞുങ്ങളുടെ സ്വന്തം കവിയായ "കുഞ്ഞുണ്ണി മാഷ് " പറഞ്ഞത്: " വായിച്ചാൽ വളരും ..... വായിച്ചില്ലെങ്കിൽ വളയും "...... എന്നൊരു പഴമൊഴി പറഞ്ഞിരുന്നതും .

ഇനി മറ്റൊരു തരത്തിൽ പറയുകയാണെങ്കിൽ 'വായന' മനുഷ്യർക്ക് മാത്രമായി ലഭിച്ചിരിക്കുന്ന ഒന്നാണ് . വായനയിലൂടെ ഭാവന ,ചിന്ത ,ബുദ്ധി ,ഓർമ്മ എന്നിവക്കും വികസനങ്ങൾ ഉണ്ടാകുന്നു. ഇതെല്ലാം കൊണ്ടുമാണ് വായനയെ ഇനിയും മെച്ചപ്പെട്ടതാക്കാൻ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടത്. അതു കൊണ്ട് കഴിയുന്ന പോലെ വായിക്കുക മറ്റുള്ളവരിലും വായനാശീലം ഉണ്ടാക്കിയെടുക്കുക. .

Arshitha N Rajeevan

**ഓർമയിലെ മുറിപ്പാടുകൾ**

രാവിന്റെ നിദ്രയിൽ മയങ്ങുമെൻ

മനസ്സിനെ മണ്ണൊഴുക്കി താ

വിളിച്ചുണർത്തുന്നു

ഞെട്ടിക്കുഴഞ്ഞു താൻ

ആകെ അവശനായി

നെഞ്ചോട് മെല്ലെ കരം പിടിച്ചു

സ്നേഹത്തിൻ നെയ്യെട്ടുക്കാവുന്ന

ബന്ധങ്ങൾ ഇന്നിവിടെ മരണ വേദനയിൽ ......

ഒരായുസിൻ കനവുകൾ

തട്ടി തെറിപ്പിച്ച്

പുഴ പോലെ ഒഴുകുന്നഎന്നമ്മറത്ത്

വിയർപ്പിന്റെ ഗന്ധം

ഒഴിയാത്ത

എൻ ഭവനം ഭാവനയോടെ

മണ്ണടിഞ്ഞു

ബാക്കി വെച്ചു നീ എന്നെ മാത്രം

നീറുന്ന ഓർമ്മ  പോൽ എരിയുന്ന എൻ മനം

ജീവിതത്തിന്റെ  തേങ്ങൽ പോലെ

**തേജലക്ഷ്മി**

# യാത്ര

പോയി പോയി കാലമേ

നീ എനിക്കേകിയ വർണ്ണ ചിറകുമായി

പാറിടുമ്പോൾ

ളുവൽ പൊഴിയുന്ന കിളിയുടെ നോവുമായി

പിന്നിട്ട വഴികളിൽ ഞാനലഞ്ഞു

നഷ്ടസ്വപ്നങ്ങൾ നിറഞ്ഞോ വിധികൾ

ചുറ്റും പൊള്ളുന്ന

മരുഭൂമിയായിമാറുന്നദാഹം

നീരുകൊതിച്ചതും

കിളികൾക്ക് വറ്റിവരണ്ട പുഴകൾ മാത്രം

എത്തിപ്പിടിക്കാൻ തുനിയുന്ന ചില്ലകൾ

താഴെ വീണ് ചിതറി

പുലരിയുടെ ചുംബനം ഏറ്റുവാങ്ങുമ്പോഴും

നോവിന്റെ പൂക്കൾ ചിരിതൂകി നിന്നു .

അലയുന്ന കാറ്റിന്റെ ഗദ്ഗദം കേൾക്കവേ

നിഴൽ വീണ വഴികളിൽ ഞാനലഞ്ഞു

സന്ധ്യാ മരത്തിന്റെ ഷോണിമയിൽ

കതിരോൻ കണ്ണുനീർ വാർത്തു നിന്നു.നിഷാന ജബിൻ

# HOPES FOR THE FUTURE

Every night I dream of the future,
I always think what would the world be,
Or where will the world be
It then and now remained as a question in my mind

But now..... at this moment
I have hardly realized that the world
Is in a condition to be no more
And I should be the one to be remembered
So I have to plan for the future
When the world starts its destruction
I will stand up and find a new world
For the humans to survive and animals to live
On where they live as happy as they were before

RAFA F ATHIMA.

**കുറ്റ്യാടിയിലെ ഹൈസ്കൂൾ (നാൾവഴി)**

➔ 1974- 75 വിദ്യാഭ്യാസ വർഷം ആരംഭിച്ചു.
13 - 8 - 1974 ചൊവ്വാഴ്ച

➔ എം.കുമാരൻ മാസ്റ്റർ എം എൽഎ യുടെ അദ്ധ്യക്ഷ്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ എം.ജി കെ മൂർത്തി ഉദ്ഘാടനം ചെയ്തു.

➔ കുറ്റ്യാടി ഇസ്ലാമിയ കോളേജിനോടനബന്ധിച്ചുള്ള ഷെഡ്ഡിലാ ണ് സ്കൂൾ തുടങ്ങിയത്.

➔ തുടക്കത്തിൽ 108 വിദ്യാർഥികൾ എട്ടാം തരത്തിൽ ചേർന്നു.

➔ പരേതനായ നെല്ലിയുള്ളതിൽ കുഞ്ഞമ്മത് പ്രസിഡൻറും അഡ്വ: സി എം.അഹമ്മത് കുട്ടി സെക്രട്ടറിയും ആയ സ്ഥാപക കമ്മിറ്റി (സ്പോൺസറിംഗ് കമ്മിറ്റി ) യാണ് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയത്.

➔ മൊരുക്കരയിൽ മൂന്ന് ഏക്കർ സ്ഥലം കമ്മറ്റി ഏർപ്പാടു ചെയ്തു

➔ സർക്കാറിലേക്ക് രജിസ്റ്റർ ചെയ്തു കൊടുക്കുകയും അവിടെ ആദ്യ ഘട്ടമായി 3 മുറികളുള്ള സ്ഥിരം കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

➔ 30-12 - 74 ന് പ്രസ്തുത കെട്ടിടത്തിലേക്ക് ക്ലാസ്സുകൾ മാറ്റി.

➔ എട്ടു ക്ലാസ്സ് മുറികളുള്ള ഒരു സ്ഥിരം എടുപ്പും അതേ വർഷം തന്നെ കമ്മറ്റി നിർമ്മിച്ചു. ഫർണ്ണിച്ചറും നൽകി.

➔ ഇതി നെല്ലാം വേണ്ട പണം പിരിച്ചെടുക്കുന്നതിൽ കമ്മിറ്റി മെമ്പർമാരായ Dr. P P പത്മനാഭൻ , കളത്തിൽ കുഞ്ഞമ്മദ് ഹാജി, കേളോത്ത് അമ്മത്, V മൊയ്തു മൗലവി, മമ്മൂട്ടി മാസ്റ്റർ തുടങ്ങിയവർ പ്രമുഖ പങ്കു വഹിച്ചു.


1976 സ്കൂൾ പത്താംതരം കൂടി ആയതോടെ പൂർണ്ണ ഹൈസ്കൂൾ ആയി തുടങ്ങി.

➔ കുറ്റ്യാടിക്കാരൻ തന്നെയായ പി.ബാലൻ മാസ്റ്റർ ആയിരുന്നു തുടക്കം മുതൽ പൂർണ്ണ ഹൈസ്കൂൾ ആയിത്തീരുന്നതുവരെ ഹെഡ്മാസ്റ്റർ ഇൻചാർജ്.

➔ സമ്പാദനം;വഫ എംഎം

# Charles Babage

Charles Babage(26 December 1791- 18 October 1871) was an English mathematician,analytical philosopher,mechanical engineer and computer scientist. He was the first person to come up with the idea of a computer that could be programmed. Unfinished parts of his mechanism are on display in the London Science Museum.



Charles Babage was born in England, at 44Crosby Row, Walworth Road, London. Babbage's father, Benjamin Babage, was a banker in London who owned the Bitton Estate in Teignmouth. His mother was Betsy Plumleigh Babage. In 1808, the Babage family moved into the old Rowdens house in East Teignmouh. His brain is also display in the Science Mueseum in London.

SIDHARTH CHANDRAN

# माँ का प्यार

सहती है मेरे लिए दर्द
उसके लिए नहीं कोइ दवा
छोडी है मेरे लिए अपनी नींद
और करति मुझे पालन पुरी रात॥
यह कैसा प्यार है एक माँ का
जिस्के लिए देती है अपनी जान
मुझे पालन ऐसा क्यों करती है
जैसे सोने को पालन करते है॥
माँ का प्यार ऐसा क्यों है
जैसे आता हो पानी नदियों से
अगर मुझे चोट लगती है
दर्द होता उसके दिल में॥
माँ के प्यार के बदले क्या है
जो मैं उन्हें देसकु
मुझे लगता है की वह मेरा प्यार है
जो मैं उन्हें देसकु॥

RANA SHEMIM J
IX – N

# ഈ മാഗസിൻ
# പുറത്തിറക്കുവാൻ
# സഹകരിച്ച
# എല്ലാ നല്ല
# മനസ്സുകൾക്കും
# നന്ദി